പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T1818     10.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാരുണ്യ ബനവലന്റ് ഫണ്ടിതര ചികിത്സ ആനുകൂല്യം

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് ഫണ്ട് ആനുകൂല്യം പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന് പകരം ഏർപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | ഇല്ല, 06.08.2019 ലെ സർക്കാർ ഉത്തരവ് Go (Ms) 122/2019/H&FWD പ്രകാരം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികൾ വഴി രണ്ടു ലക്ഷം (കിഡ്നി അസുഖങ്ങൾക്കു മൂന്ന് ലക്ഷം) വരെയുള്ള സൗജന്യ ചികിത്സാ സഹായം നൽകുന്നു.<br>അർഹത ഉറപ്പു വരുത്തിയതിനുശേഷം, കാലതാമസം കൂടാതെ, ചികിത്സ തുടങ്ങുമ്പോൾ ചികിത്സ ആനുകൂല്യം ലഭ്യമാകുന്നു. പദ്ധതി സേവനം നൽകിവരുന്ന ആശുപത്രിയിൽ ചികിൽസയ്ക്ക് വരുമ്പോൾ ആവശ്യമായ രേഖകൾ സഹിതം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ പൂരിപ്പിച്ച് നൽകുക. ചിയാകിന്റെ (SHA) ജില്ലാ പ്രോജക്ട് മാനേജർ പരിശോധിച്ച് അർഹമായതിന് അംഗീകാരം നൽകുന്നു. തുടർന്ന് ചികിത്സ തേടുന്ന ആശുപത്രിയിൽ സൗജന്യ ചികിത്സ ഗുണഭോക്താവിന് ലഭിക്കുന്നതാണ്. |
| (ബി) | പുതിയ പദ്ധതി പ്രകാരം ഏതെല്ലാം രോഗചികിത്സയ്ക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 06/08/2019 ലെ സർക്കാർ ഉത്തരവ് Go (Ms) 122/2019/H&FWD പ്രകാരം KASP-ൽ 1978 ചികിത്സ പാക്കേജുകൾ പ്രകാരമുള്ള സൗജന്യ ചികിത്സ ലഭിക്കും. കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത Haemophilia, Sickle cell anaemia, Thalassemia, provision of immune-suppressants for Kidney transplant patients and Injection Erythropoietin for chronic renal disease എന്നിവയ്ക്കും ചികിത്സാ സഹായം നൽകി വരുന്നു. ടി പദ്ധതി വഴി പണമായി തുക ഗുണഭോക്താക്കൾക്ക് നൽകുകയില്ല. |
| (സി) | പുതിയ പദ്ധതി പ്രകാരം ചികിത്സ ആനുകൂല്യം ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (സി) | കേരളത്തിലെ എല്ലാ ജനങ്ങളും APL/BPL വ്യത്യാസം ഇല്ലാതെ അവരുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിനു താഴെയാണെങ്കിൽ അവർക്കു |

| | | | |
|---|---|---|---|
| | | | ചികിത്സാ സഹായം ലഭിക്കും. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ധന സഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പരിധി നിശ്ചയിച്ചിട്ടുണ്ട്, തുക മാക്സിമം രണ്ട് ലക്ഷം (കിഡ്നി അസുഖങ്ങൾക്ക് മൂന്ന് ലക്ഷം) വരെ ചികിത്സാ സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ